


കവർസ്റ്റോറി
●
ഖാൻ യാസിർ

**ഹേമന്ദ് കർക്കരെ വധിക്കപ്പെട്ട മുംബൈ ഭീകരാക്രമണത്തിനു പിന്നിലെ യഥാർഥ പ്രതികളെ തുറന്നുകാണിക്കുന്ന അന്വേഷണ കൃതിയാണ് എസ്.എം മുശ്‌രിഫിന്റെ *ഹു കിൽഡ് കർക്കരെ?* കുത്സിത താൽപര്യക്കാരുടെ ഉറക്കം കെടുത്തുന്ന ഈ പുസ്തകത്തിലെ പ്രധാന വെളിപ്പെടുത്തലുകൾ ഔദ്യോഗിക അന്വേഷണ ഏജൻസികൾ കണ്ണടക്കുന്ന പല ഇരുണ്ട കോണുകളിലേക്കും നമ്മുടെ മിഴി തുറപ്പിക്കും.**

# കർക്കരെ വധം: നടുക്കുന്ന വർത്തമാനങ്ങൾ



**പോലീസിനും** സൈന്യത്തിനും അമിതാധികാരങ്ങൾ അനുവദിക്കുകയും വ്യാജ ഏറ്റുമുട്ടലുകൾക്കു പോലും പൊതുസമൂഹത്തിന്റെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന രാജ്യമായി ഇന്ത്യ മാറുകയാണോ? മുസ്‌ലിംകളിലെയും ഹൈന്ദവരിലെയും സാമാന്യ ജനങ്ങൾ രാജ്യത്തെ ഭൂരിപക്ഷം മേഖലകളിലും സൗഹാർദത്തോടെ ജീവിച്ചുവരുമ്പോൾ അവരിൽ വർഗീയതയുടെ വിഷം കലക്കി നേട്ടം കൊയ്യുന്നതാരാണ്, ഭീകരത വർധിച്ചുവരുന്നതിനു പിന്നിലെ യഥാർഥ കാരണങ്ങൾ എന്ത് തുടങ്ങിയ നിരവധി ചോദ്യങ്ങൾക്ക് ഉത്തരമേകുന്ന ഗവേഷണ കൃതിയാണ് *ഹു കിൽഡ് കർക്കരെ?* ദ റിയൽ ഫെയ്സ് ഓഫ് ടെററിസം എന്ന ഒരു ശീർഷകം കൂടി ഈ പുസ്തകത്തിനു നൽകിയത് ശ്രദ്ധേയമാണ്. മഹാരാഷ്ട്ര പോലീസ് ഐ.ജി ആയിരുന്ന എസ്.എം മുശ്‌രിഫ് ആണ് ഗ്രന്ഥകർത്താവ്. പോലീസ് സർവീസിൽ വിപുലമായ പരിചയസമ്പത്ത് നേടിയ അദ്ദേഹം സ്തുത്യർഹമായ സേവനങ്ങൾക്കു ശേഷം 2005 –ൽ സ്വയം വിരമിക്കുകയായിരുന്നു. ഇന്ത്യയിലെ വർഗീയ കലാപ സംഭവങ്ങൾ കൂലങ്കശമായി പഠനവിധേയമാക്കിയ ആ നിയമപാലകന് ഒരു കാര്യം ബോധ്യപ്പെടുകയുണ്ടായി. സങ്കുചിത രാഷ്ട്രീയ ലാഭങ്ങൾ കൊയ്യാൻ വേണ്ടിയാണ് ഒരു പിടിയാളുകൾ മതസൗഹാർദം നിലനിൽക്കുന്ന സ്ഥലങ്ങളിൽ സമൂഹത്തെ വർഗീയവത്കരിക്കാനുള്ള തന്ത്രങ്ങൾ പയറ്റാറുള്ളത്.

മുംബൈ സ്ഫോടനങ്ങൾ, വർഗീയ ലഹളകൾ തുടങ്ങിയ ദുരന്തങ്ങൾ അരങ്ങേറിയതുമായി ബന്ധപ്പെട്ട് നിരവധി ഗൂഢാലോചനാ സിദ്ധാന്തങ്ങൾ അവതരിപ്പിക്കപ്പെടാറുണ്ട്. ഊഹങ്ങളും സാഹചര്യത്തെളിവുകളും അന്വേഷണ ഫലങ്ങളും അപഗ്രഥിച്ച ശേഷമാണ് ഇവ അവതരിപ്പിക്കപ്പെടാറുള്ളത്. സത്യസന്ധതയില്ലാത്ത വഴിവാണിഭക്കാരും യാചകരും നൽകുന്ന അർധ സത്യങ്ങളോ വിവരക്കേടുകളോ പൂർണമായി വിശ്വസിച്ചാൽ ഗൂഢാലോ

**വർഗീയ ലക്ഷ്യങ്ങൾക്കായി ഹിന്ദുത്വശക്തികൾ നടത്തുന്ന ഭീകരതയെ 'ഹൈന്ദവ ഭീകരത', 'ഹിന്ദുത്വ ഭീകരത' തുടങ്ങിയ പദാവലികളാൽ വിശേഷിപ്പിക്കുന്നത് ഉചിതമല്ലെന്ന് ഗ്രന്ഥകാരൻ പറയുന്നു. 'ബ്രാഹ്മണ ഭീകരത' എന്നതാണ് ഉചിതമായ പദപ്രയോഗം. കാരണം ബ്രാഹ്മണാധിപത്യത്തിനായി യത്നിക്കുന്ന ഒരു ഹൈന്ദവ ന്യൂനപക്ഷ വിഭാഗമാണ് സമൂഹത്തെ വിഷലിപ്തമാക്കാനുള്ള അജണ്ടകൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്**

ചനാ സിദ്ധാന്തങ്ങൾ വൻ അബദ്ധ പഞ്ചാംഗമായി കലാശിക്കും. എന്നാൽ മുശ്രിഫ് തന്റെ ഗൂഢാലോചനാ സിദ്ധാന്തങ്ങൾ സ്വന്തമായി നടത്തിയ സൂക്ഷ്മാന്വേഷണങ്ങൾക്കു ശേഷമാണ് ക്രോഡീകരിച്ച് പുസ്തകത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. മാധ്യമങ്ങളിലെ റിപ്പോർട്ടുകൾ പ്രത്യേകിച്ച് ഉർദു, മറാത്തി തുടങ്ങിയ ഭാഷാ പത്രങ്ങളിലെ വാർത്തകൾ, വിശ്വസനീയ കേന്ദ്രങ്ങൾ എന്നിവ അവലംബമാക്കിയാണ് അദ്ദേഹം ഈ നിഗമനങ്ങളിൽ എത്തിച്ചേർന്നത്. പോലീസ് അന്വേഷണ റിപ്പോർട്ടുകളിലെ പല പഴുതുകളും സംശയങ്ങളും നീക്കി യഥാർഥ കുറ്റവാളികൾക്കെതിരെ വിരൽ ചൂണ്ടാൻ മുശ്രിഫിന് സാധിച്ചിരിക്കുന്നു. ഔദ്യോഗിക അന്വേഷണ ഏജൻസികൾ ചമയ്ക്കുന്ന ഭാഷ്യങ്ങളെ ഈ പുസ്തകം നിശിതമായി വിചാരണ ചെയ്യുന്നു.

### ബ്രാഹ്മണ ഭീകരത

വർഗീയ ലക്ഷ്യങ്ങൾക്കായി ഹിന്ദുത്വശക്തികൾ നടത്തുന്ന ഭീകരതയെ 'ഹൈന്ദവ ഭീകരത', 'ഹിന്ദുത്വ ഭീകരത' തുടങ്ങിയ പദാവലികളാൽ വിശേഷിപ്പിക്കുന്നത് ഉചിതമല്ലെന്ന് ഗ്രന്ഥകാരൻ പറയുന്നു. 'ബ്രാഹ്മണ ഭീകരത' എന്നതാണ് ഉചിതമായ പദപ്രയോഗം. കാരണം ബ്രാഹ്മണാധിപത്യത്തിനായി യത്നിക്കുന്ന ഒരു ഹൈന്ദവ ന്യൂനപക്ഷ വിഭാഗമാണ് സമൂഹത്തെ വിഷലിപ്തമാക്കാനുള്ള അജണ്ടകൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. ചരിത്രത്തെ വിഷലിപ്തമാക്കാൻ ഈ വിഭാഗം പണ്ടുമുതൽക്കേ നീക്കങ്ങൾ നടത്തുകയുണ്ടായി. ബ്രാഹ്മണാധിപത്യം നിലനിർത്താനുള്ള തന്ത്രങ്ങളാണ് ഇപ്പോൾ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. പുരാതന കാലത്ത് ഈ ജാതീയ മേൽക്കോയ്മക്ക് കോട്ടംതട്ടിയിരുന്നില്ല. മുഗൾ ഭരണകാലത്തും ബ്രിട്ടീഷ് രാജിനു ശേഷവും ബ്രാഹ്മണാധിപത്യത്തിനെതിരെ കാര്യമായ വെല്ലുവിളികൾ ഉയർന്നതുമില്ല. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടോടെ ഇതിന് മാറ്റമുണ്ടായി. രാജാറാം മോഹൻ റായ്, ദലിത് സാമൂഹിക പരിഷ്കർത്താവ് ഫൂലെ തുടങ്ങിയവരുടെ ജാതിവിരുദ്ധ ആശയങ്ങളിൽ നിരവധി ഹിന്ദുക്കൾ ആകൃഷ്ടരായി. ജാതിമേൽക്കോയ്മക്കെതിരായ വെല്ലുവിളികളുടെ അപകടം മണത്തറിഞ്ഞ ബ്രാഹ്മണിസ്റ്റുകൾ തങ്ങൾക്കു നേരെയുള്ള കീഴാള ജനതയുടെ വിദ്വേഷം തിരിച്ചുവിടാൻ മുസ്‌ലിംവിരുദ്ധ വർഗീയ വിദ്വേഷത്തിന്റെ വിത്തുകൾ ജനങ്ങളിൽ പാകാൻ തുടങ്ങുകയാണുണ്ടായത്. ഹിന്ദു-മുസ്‌ലിം വിഭാഗീയതകൾ വളർത്തിക്കൊണ്ടുവരാൻ അവർ നിതാന്ത പരിശ്രമങ്ങൾ നടത്തുകയും ചെയ്തു.

ഈ വർഗീയവത്കരണത്തിന്റെ ഫലമായി ഒരു നൂറ്റാണ്ടിനിടയിൽ ബ്രാഹ്മണ്യ

ത്തിന് വലിയ നേട്ടങ്ങൾ കൊയ്യാനായി. എന്നാൽ ഗുജറാത്ത് വംശഹത്യയോടെ സംഘ്പരിവാർ ശക്തികളുടെ ഹീന മനോഭാവം തിരിച്ചറിയാൻ സാധിച്ച പൊതുജനം ചോദ്യങ്ങളുമായി രംഗത്തുവന്നതോടെ ഹിന്ദുത്വ രാഷ്ട്രമെന്ന ലേബലിൽ ബ്രാഹ്മണിസ്റ്റ് രാഷ്ട്രം രൂപവത്കരിക്കാൻ ഭീകരത എന്ന തന്ത്രം ആവിഷ്കരിക്കുകയായിരുന്നു. ഭീകരത, ഇസ്‌ലാമിക ഭീകരത, ഇസ്‌ലാമിക ബോംബ് തുടങ്ങിയ സംജ്ഞകൾ പ്രചരിപ്പിക്കുന്നതിനു പിന്നിൽ ഈ അജണ്ട അടങ്ങിയിരിക്കുന്നതായി ഗ്രന്ഥകാരൻ സമർഥിക്കുന്നു.

ബോംബ് സ്ഫോടന പരമ്പരകൾ നടത്തി ഉത്തരവാദിത്വം മുസ്‌ലിംകളിൽ കെട്ടിവെക്കാൻ ഇന്റലിജൻസ് ബ്യൂറോയിലെ (ഐ.ബി) ചില കോണുകളിൽനിന്ന് ഇതിന് അവർക്ക് പിന്തുണയും ലഭിച്ചു. കോർപറേറ്റ് മാധ്യമപ്പടയുടെ പക്ഷപാതപരമായ പല റിപ്പോർട്ടുകളും ഈ അജണ്ടക്ക് ഒത്താശയാവുകയും ചെയ്തു. മുശ്‌രിഫിന്റെ പുസ്തകം വിവരിക്കുന്നത് ശ്രദ്ധിക്കുക: “ഓരോ സ്ഫോടനം കഴിയുമ്പോഴും നൂറുകണക്കിന് മുസ്‌ലിം യുവാക്കൾ അറസ്റ്റിലാവുന്നു. എന്നാൽ സ്ഫോടനങ്ങളിൽ ഒരു മാറ്റവുമുണ്ടായില്ല. മാലേഗാവ് സ്ഫോടനവുമായി ബന്ധപ്പെട്ട് യഥാർഥ പ്രതികളായ ഹിന്ദു യുവാക്കൾ പിടിയിലായതോടെ വലിയ ശമനം ഉണ്ടാവുകയും ചെയ്തു” (പേജ് 12).

## അന്വേഷകരുടെ ഒഴിഞ്ഞുമാറ്റങ്ങൾ

ഇല്ലാത്ത തെളിവുകൾ ചമയ്ക്കുന്ന തു മുതൽ നിസ്സാര സംഗതികൾ മർമപ്രധാന തെളിവുകളായി പരിഗണിക്കുന്നതുവരെയുള്ള നാടകങ്ങൾ, അന്വേഷകരുടെ ഒഴിഞ്ഞുമാറ്റങ്ങൾ, ഏകപക്ഷീയമായ റിപ്പോർട്ട് മാധ്യമങ്ങൾക്ക് കൈമാറ്റം ചെയ്യൽ തുടങ്ങിയ പൗരവിരുദ്ധ പ്രവണതകളിലേക്ക് ഈ പുസ്തകം വിരൽ ചൂണ്ടുന്നു. മുംബൈ സ്ഫോടന പരമ്പരകാലത്ത് ഒരു വനിതാ ലക്ചറർ നൽകിയ തെളിവ് നിയമപാലകർ മുഖവിലക്കെടുത്തില്ല. അവർ സൂചിപ്പിച്ച പ്രതി ‘ഗണേഷ് ഖണ്ഡറാവു’ എന്നായതുകൊണ്ട് മാത്രമായിരുന്നു ആ നിരാകരണം. എന്തുകൊണ്ടായിരിക്കാം ആ ലക്ചറർ ഗൗരവതരമായ ഇത്തരമൊരു ആരോപണം നടത്തിയതെന്ന് പരിശോധിക്കാൻ പോലും അന്വേഷകർ കൂട്ടാക്കിയില്ല.

ഹൈദരാബാദ് സ്ഫോടനത്തിൽ ആർ.ഡി.എക്സും ടി.എൻ.ടിയും ചേർത്ത മിശ്രിതം ആണ് ഉപയോഗിച്ചതെന്ന് നാഷ്നൽ സെക്യൂരിറ്റി ഗാർഡുകൾ (എൻ.എസ്.ജി) വ്യക്തമായി കണ്ടെത്തുകയുണ്ടായി. സൈനികരാണ് സാധാരണ ഗതിയിൽ ഈ മിശ്രിതം ഉപയോഗിക്കാറ്. സ്ഫോടനം നടത്തിയവർ സൈനികരുമായി ബന്ധം പുലർത്തിയിരുന്നോ എന്ന നിലയിലുള്ള അന്വേഷണങ്ങൾ നടന്നതേയില്ല. അത്തരമൊരു അന്വേഷണം നടന്നിരുന്നെങ്കിൽ സമാനമായ നിരവധി സ്ഫോടനങ്ങൾ സംഭവിക്കാതെ ഒഴിവാക്കാനാകുമായിരുന്നു.

യു.പി സ്ഫോടനങ്ങൾക്കു ശേഷം 2007 ഡിസംബർ 22-ന് അറസ്റ്റ് ചെയ്യപ്പെട്ടവർ എന്ന വിശദീകരണത്തോടെ ഖാലിദ്, താരിഖ് എന്നീ രണ്ട് ‘ഭീകരരെ’ പോലീസ് ഹാജരാക്കുകയുണ്ടായി. ഇവരിൽനിന്ന് ഹുജി സാഹിത്യം, സിംകാർഡുകൾ തുടങ്ങിയവ ലഭിച്ചതായും പോലീസ് അവകാശപ്പെട്ടു. എന്നാൽ ഇതിലെ ഖാലിദിനെ സ്ഫോടനത്തിന് മുമ്പ് ഡിസംബർ 16-നും താരിഖിനെ 12-ാം തീയതിയുമാണ് അറസ്റ്റ് ചെയ്തതെന്ന് എഫ്.ഐ.ആർ രേഖകളും ബന്ധുക്കളും സാക്ഷ്യം പറയുന്നു. ഇത്തരം അറസ്റ്റുകളുടെയും പിടിച്ചെടുക്കലുകളുടെയും അർഥശൂന്യതയിലേക്കാണ് ഗ്രന്ഥകാരൻ

വിരൽ ചൂണ്ടുന്നത്.

നന്ദേഡ് സ്ഫോടനത്തെ വെടിക്കെട്ട് അപകടമാക്കി ചുരുക്കി ആദ്യം അന്വേഷകർ പരിഗണനയിലെടുത്തിയിരുന്നില്ല. അന്വേഷണങ്ങൾക്കാകട്ടെ ഒച്ചിന്റെ വേഗം മാത്രമാണുണ്ടായിരുന്നതും. സ്ഫോടനം നടത്തിയവർ സംഘ്പരിവാര പ്രവർത്തകരാണെന്നും പരിശീലനം നൽകിയത് മിഥുൻ ചക്രവർത്തി എന്നൊരാളാണെന്നും അന്വേഷണത്തിൽ വെളിപ്പെട്ടു. തൊഗാഡിയയും മറ്റുമായിരുന്നു ഇവർക്ക് പ്രോത്സാഹനം നൽകിയിരുന്നതെന്നും ബോധ്യപ്പെട്ടു. സ്ഫോടന സ്ഥലത്തുനിന്ന് കൃത്രിമ താടികളും വിവിധ പള്ളികളുടെ മാപ്പുകളും സിംകാർഡുകളും കണ്ടെത്തിയിരുന്നു. എന്നാൽ കണ്ടെത്തിയ ഈ തെളിവുകൾ നൽകുന്ന സൂചകളുടെ അടിസ്ഥാനത്തിലുള്ള അന്വേഷണമുണ്ടായില്ല. മിഥുൻ ചക്രവർത്തിയെ പ്രതിപ്പട്ടികയിൽ പോലും ചേർക്കാൻ പിന്നീട് അന്വേഷണം ഏറ്റെടുത്ത സി.ബി.ഐ തയാറായില്ല. പ്രതികൾക്ക് പ്രോത്സാഹനം നൽകിയിരുന്ന തൊഗാഡിയയുടെ പങ്കും രേഖകളിലൊന്നും പരാമർശിക്കപ്പെട്ടിട്ടില്ല. കാരണം സംസ്ഥാനത്തും കേന്ദ്രത്തിലും കോൺഗ്രസ് ഭരിക്കുന്നതിനാൽ ഈ അന്വേഷണത്തിൽ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടായി എന്നു കരുതാൻ പഴുതില്ല. ഐ.ബിയിലെ ബ്രാഹ്മണിസ്റ്റുകൾ സി.ബി.ഐയെ ശക്തമായി സ്വാധീനിച്ചു എന്നാണ് ഇതിൽനിന്ന് ഗ്രന്ഥകർത്താവ് എത്തിച്ചേരുന്ന നിഗമനം.

**ഹിന്ദുത്വ ഭീകരതയുടെ പരീക്ഷണശാലയായി ഗുജറാത്തിനെയാണ് പലരും കണക്കാക്കാറുള്ളത്. എന്നാൽ മഹാരാഷ്ട്രയാണ് അതിന്റെ യഥാർഥ പരീക്ഷണശാലയെന്ന് മുശ്രിഫ് പുസ്തകത്തിൽ സ്പഷ്ടമാക്കുന്നു. നിരവധി സ്ഫോടനങ്ങൾക്കു പിന്നിലെ സാമഗ്രികൾ മഹാരാഷ്ട്രയിൽനിന്നാണ് കൊണ്ടുപോയതെന്ന് വിവിധ അന്വേഷണങ്ങളിൽ വെളിപ്പെടുകയുണ്ടായി.**

സ്ഫോടന കേസുകളുമായി ബന്ധപ്പെട്ട് ഗ്രന്ഥകാരൻ സ്വന്തമായി കണ്ടെത്തിയ വസ്തുതകളും എത്തിച്ചേർന്ന നിഗമനങ്ങളും അതീവ ഗൗരവ സ്വഭാവമുള്ളവയാണ്. എല്ലാ ഔദ്യോഗിക അന്വേഷണങ്ങൾക്കും ഒരു പൊതുസ്വഭാവം ഉള്ളതായി അദ്ദേഹത്തിന് മനസ്സിലാക്കാൻ സാധിച്ചു. സംഭവങ്ങൾ അരങ്ങേറുന്ന ഒന്നാം ദിവസം തന്നെ ഏതെങ്കിലുമൊരു മുസ്‌ലിം സംഘടന പ്രതിക്കൂട്ടിൽ പ്രതിഷ്ഠിക്കപ്പെടുന്നു. ഇനി പോലീസ് അന്വേഷണം ശരിയായ ദിശയിൽ നീങ്ങുന്നു എന്നു കരുതുക. അപ്പോഴേക്കും ഐ.ബിയുടെ പ്രത്യേക ഇടപെടൽ ഉണ്ടാവും. കേസ് ഏറ്റെടുത്ത് ഐ.ബി അന്വേഷണങ്ങളെ വഴിതിരിച്ചുവിടുന്നു. സംഝോത എക്സ്പ്രസ് സ്ഫോടന കേസ് ഇതിന്റെ മികച്ച ഉദാഹരണമാണ്. ചില സൂചനകൾ മനസ്സിലാക്കി ഹരിയാന പോലീസ് ഈ കേസന്വേഷണത്തിന്റെ ഭാഗമായി ഇൻഡോറിൽ എത്തിച്ചേരുകയുണ്ടായി. എന്നാൽ ഐ.ബി നിർദേശിച്ചതിനാൽ ഹരിയാന പോലീസുമായി സഹകരിക്കാൻ മധ്യപ്രദേശ് പോലീസ് തയാറായില്ല. അതോടെ കേസന്വേഷണം വഴിമുട്ടുകയും ഒരു നിഗമനം പുറത്തുവിടാൻ സാധിക്കാതെ അന്വേഷകർ പ്രതിസന്ധിയിലകപ്പെടുകയുമുണ്ടായി.

മുംബൈ ട്രെയിൻ സ്ഫോടനം (2006), മാലേഗാവ് സ്ഫോടനം (2006), ദർഹി

സ്ഫോടനം (2008), സംഝോത എക്സ്പ്രസ് സ്ഫോടനം (2007), ഹൈദരാബാദിലെ മക്കാ മസ്ജിദ് സ്ഫോടനം (2007), അജ്മീർ ദർഗ സ്ഫോടനം (2007), നന്ദേഡ് സ്ഫോടനം (2006) തുടങ്ങിയ കേസുകളിൽ എസ്.എം മുശ്‌രിഫ് സ്വന്തം നിലയിൽ അന്വേഷണങ്ങൾ നടത്തുകയുണ്ടായി.

## മുംബൈ ഭീകരാക്രമണവും കർക്കരെ വധവും

നന്ദേഡ് സ്ഫോടനത്തിന്റെയും മാലേഗാവ് സ്ഫോടനത്തിന്റെയും ആസൂത്രകർ ഹിന്ദുത്വശക്തികളാണെന്ന് കണ്ടെത്തി അവരെ നിയമത്തിനു മുമ്പിൽ ഹാജരാക്കാൻ കഴിഞ്ഞ അന്വേഷകനായിരുന്നു ഹേമന്ദ് കർക്കരെ. മാലേഗാവ് സ്ഫോടനത്തിന്റെ സൂത്രധാരകരായ കേണൽ എസ്.പി പുരോഹിതും റിട്ട. മേജർ ഉപാധ്യായയും പ്രജ്ഞാ സിംഗും, സന്യാസി അമൃതാനന്ദും അര ഡസനോളം സ്ഫോടനങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചതായി അന്വേഷണ സ്ക്വോഡ് (എ.ടി.എസ്) വെളിപ്പെടുത്തുകയുണ്ടായി. എ.ടി.എസ് തലവൻ ഹേമന്ദ് കർക്കരെ കൊല്ലപ്പെട്ട 26/11 മുംബൈ ഭീകരാക്രമണവുമായി ബന്ധപ്പെട്ട് ഗ്രന്ഥകാരൻ ഐ.ബിയെ ശക്തിയായി വിമർശിക്കുന്നു. ഭീകരാക്രമണത്തിനു മുമ്പ് അമേരിക്ക നൽകിയ ചില സുപ്രധാന വിവരങ്ങൾ ഐ.ബി വെസ്റ്റേൺ കമാന്റിന് കൈമാറുകയുണ്ടായില്ല. അപ്രധാന വിവരങ്ങൾ പോലും കൈമാറാറുള്ളവരാണ് ഇക്കാര്യത്തിൽ വീഴ്ച്ച കാണിച്ചത്. ദേശസുരക്ഷയേക്കാൾ ഐ.ബി എന്തിനായിരിക്കണം പ്രാധാന്യം കൽപിച്ചിരിക്കുക?

സി.എസ്.ടി, കാമാ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ നടന്ന ആക്രമണത്തിൽ പങ്കെടുത്ത ഭീകരരും അതേ ദിവസം മുംബൈ നഗരത്തിലെ മറ്റിടങ്ങളിൽ അരങ്ങേറിയ ആക്രണത്തിൽ പങ്കെടുത്ത ഭീകരരും തമ്മിലെ വ്യത്യാസം എന്തായിരുന്നു? സി.എസ്.ടി –കാമാ ആക്രണങ്ങളിലെ പ്രതികൾ ശുദ്ധമായ മറാത്തി സംസാരിച്ചിരുന്നു എന്നതുതന്നെ പ്രധാന വ്യത്യാസം. മഹാരാഷ്ട്രയിലെ സതാറയിൽനിന്നാണ് ഇരുവരും സിംകാർഡുകൾ നേടിയിരുന്നത്. താജ്–ട്രൈഡന്റ് ഹോട്ടലുകളിലെത്തിയ ഭീകരരുടെ സാറ്റലൈറ്റ് ഫോണുകളിൽ ആക്രമണം സ്പോൺസർ ചെയ്തവർ ബന്ധപ്പെട്ടിരുന്നു. ഇത്തരം മൊത്തം 284 കോളുകൾ നടത്തിയതായാണ് കണ്ടെത്തിയത്. ഇതിൽ സ്പോൺസർമാരുടെ ഒരു കോളും സി.എസ്.ടി–കാമാ ആക്രമണങ്ങളിൽ പങ്കെടുത്തവരുമായി നടത്തിയിട്ടില്ലെന്നാണ് കണ്ടെത്തൽ. കാമാ ആശുപത്രിക്കു മുമ്പിൽ വെച്ചാണ് കർക്കരെയും പോലീസ് അഡീഷണൽ കമീഷണർ അശോക് കാംതെയും ഇൻസ്പെക്ടർ വിജയ സ്ലേസ്കറും വെടിയേറ്റ് വീണത്. കർക്കരെ അശ്രദ്ധമായി നടത്തിയ നീക്കമാണ് മൂവരുടെയും മരണത്തിൽ കലാശിച്ചത് എന്ന് സർക്കാർ വാദിക്കുകയുണ്ടായി. ഭീകരർ കയറിയ കാമാ ആശുപത്രിക്കു മുമ്പിൽ 40 മിനിറ്റോളം കർക്കരെയും കൂട്ടരും ഉണ്ടായിരുന്നു. ഈ സമയത്ത് കൂടുതൽ പോലീസുകാരെ അയക്കാൻ കർക്കരെ ആവശ്യപ്പെട്ടു. എന്നാൽ ആരും എത്തിയില്ല. വെടിയേറ്റ് വീണ് മുക്കാൽ മണിക്കൂർ കഴിഞ്ഞു മാത്രമാണ് കർക്കരെയെയും സഹപ്രവർത്തകരെയും ആശുപത്രിയിൽ എത്തിച്ചത്.

ഭീകരരുമായി മുംബൈ ലക്ഷ്യമിട്ട് കപ്പൽ പുറപ്പെട്ടിരിക്കുന്നു എന്ന നിർണായക വിവരം അമേരിക്ക ഐ.ബിക്ക് കൈമാറിയിട്ടും അവ മേലധികാരികൾക്ക് കൈമാറ്റം ചെയ്യപ്പെടാതിരുന്നതിനെ കർക്കരെ വധവുമായാണ് ഗ്രന്ഥകർത്താവ് ബന്ധിപ്പിച്ചിട്ടുള്ളത്. കർക്കരെയെ വധിക്കാൻ തക്കം പാർത്തിരുന്നവർ ഇതിനെ സുവർണാവസരമായി ഉപയോഗിക്കുകയായിരുന്നു. ഗുണനിലവാരം കുറഞ്ഞ ബുള്ളറ്റ് പ്രൂഫ് വസ്ത്രമാണ് മരണ ദിവസം കർക്കരെക്ക് ധരിക്കാൻ ലഭ്യമാക്കിയിരുന്നതും. ആ

വസ്ത്രം ഇപ്പോൾ എവിടെയാണെന്നു പോലും ആർക്കുമറിയില്ല. വിവരാവകാശ നിയമ പ്രകാരം കർക്കരെയുടെ വിധവ കവിത കർക്കരെ നടത്തിയ അപേക്ഷക്ക് സർക്കാർ നൽകിയ മറുപടിയിലാണ് ഈ വിശദീകരണം.

### മാലേഗാവ് സ്ഫോടന കേസിന്റെ ഗതി

കർക്കരെ വധത്തിനു ശേഷം മാലേഗാവ് സ്ഫോടനകേസ് അന്വേഷണത്തിന്റെ ഗതി എന്താകുമെന്ന കാര്യത്തിൽ ഗ്രന്ഥകാരൻ ആശങ്ക പുലർത്തുന്നു. കാരണം സ്ഫോടനത്തിൽ പങ്കുള്ള പുരോഹിതുമായി ബന്ധം പുലർത്തുന്ന രഘുവംശിയാണ് ഭീകരവിരുദ്ധ സ്ക്വോഡിന്റെ (എ.ടി.എസ്) ഇപ്പോഴത്തെ അധ്യക്ഷൻ. കർക്കരെ നടത്തിയ അന്വേഷണ ഫലങ്ങളെ അട്ടിമറിക്കാനാണ് രഘുവംശി ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് ഗ്രന്ഥകാരൻ ചൂണ്ടിക്കാട്ടുന്നു. പുരോഹിതിന്റെ ലാപ്ടോപിൽനിന്ന് അയാൾ ആയുധങ്ങൾക്കും പരിശീലനത്തിനും ഇസ്രയേലുമായും മുൻ നേപ്പാൾ രാജാവ് ജ്ഞാനേന്ദ്രയുമായും ബന്ധപ്പെട്ടതിന് രേഖകൾ ലഭിച്ചിരുന്നു. ഈ രേഖകളെല്ലാം ഇപ്പോൾ കേസ്ഫയലിൽനിന്ന് നീക്കം ചെയ്യപ്പെട്ടുകഴിഞ്ഞു.

ഹിന്ദുത്വ ഭീകരതയുടെ പരീക്ഷണശാലയായി ഗുജറാത്തിനെയാണ് പലരും കണക്കാക്കാറുള്ളത്. എന്നാൽ മഹാരാഷ്ട്രയാണ് അതിന്റെ യഥാർഥ പരീക്ഷണശാലയെന്ന് മുശ്രിഫ് പുസ്തകത്തിൽ സ്പഷ്ടമാക്കുന്നു. നിരവധി സ്ഫോടനങ്ങൾക്കു പിന്നിലെ സാമഗ്രികൾ മഹാരാഷ്ട്രയിൽനിന്നാണ് കൊണ്ടുപോയതെന്ന് വിവിധ അന്വേഷണങ്ങളിൽ വെളിപ്പെടുകയുണ്ടായി. വർഗീയ ശക്തികളിൽനിന്നും ഭീകരതയിൽനിന്നും ഈ സംസ്ഥാനത്തെ ശുദ്ധീകരിക്കാൻ ധീര നടപടികൾ അനിവാര്യമാണെന്ന് ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു. ആധിപത്യ മനോഭാവമുള്ള ബ്രാഹ്മണിസ്റ്റുകളും ഫാഷിസ്റ്റുകളും സർക്കാർ അന്വേഷണ ഏജൻസികളെയും മാധ്യമങ്ങളെയും വലയിൽ വീഴ്ത്തിയതിന്റെ ഭവിഷ്യത്തുകൾക്കെതിരെയും അദ്ദേഹം നിതാന്ത ജാഗ്രത ആവശ്യപ്പെടുന്നുണ്ട്. 26/11 ആക്രമണത്തിന്റെ ഒന്നാം വാർഷികവേളയിലാണ് മുശ്രിഫിന്റെ ശ്രദ്ധേയമായ നിഗമനങ്ങളുടെ ക്രോഡീകരണം പുറത്തിറങ്ങിയിട്ടുള്ളത്. സംഭവസമയത്ത് ഉയർന്ന പല സംശയങ്ങൾക്കും അധികൃതർ ഇപ്പോഴും മറുപടി കണ്ടെത്തിയിട്ടില്ല. 166 മനുഷ്യ ജീവനുകളാണ് അന്ന് പൊലിഞ്ഞത്. രാജ്യത്തെ മികച്ച പോലീസ് ഓഫീസർമാരെയും നാടിന് നഷ്ടപ്പെട്ടു.

ഐ.ബിയെ സർവവും അറിയുന്ന സവിശേഷ വിഭാഗമായി കാണരുതെന്ന് മുശ്രിഫ് ഭരണകർത്താക്കളോട് അഭ്യർഥിക്കുന്നു. രഹസ്യന്വേഷണത്തിനായി ഐ.ബിയെ ഏകാവലംബമാക്കാതെ ബദൽ അന്വേഷണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സർക്കാർ തയാറാവണം. മുസ്‌ലിംകളോ ഹിന്ദുക്കളോ എന്നു നോക്കിയാകാൻ പാടില്ല പ്രതികൾക്കെതിരായ നടപടികൾ. പകരം മുഖം നോക്കാതെയുള്ള നടപടികൾക്ക് രാഷ്ട്രീയ നേതൃത്വം തയാറാവണം. ജനാധിപത്യ സ്ഥാപനങ്ങളിലുള്ള ജനവിശ്വാസം ദ്രവിച്ചു തീരാതിരിക്കാൻ ഇത് അനുപേക്ഷണീയമാണ്. പക്ഷേ പഴക്കമേറിയ ആ ചോദ്യം വീണ്ടും ഉയരുകയാണ്. പൂച്ചക്ക് ആര് മണി കെട്ടും? ■

**വിവ: വി.പി.എ അസീസ്**